## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3286 25/06/2012 - ൽ മറുപടിക്ക്

### മത്സ്യസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>,, എ.പി. അബ്ദുള്ളക്കുട്ടി:<br>,, ഐ.സി. ബാലകൃഷ്ണൻ:<br>,, വി.റ്റി. ബൽറാം: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) നിലവിലുള്ള മത്സ്യസുരക്ഷാ പദ്ധതി ഒരു ഇൻഷ്വറൻസ് പദ്ധതിയാണ്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളും എഞ്ചിനും ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണിത്. |
| (സി) പ്രസ്തുത പദ്ധതി വഴി ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്ന് എത്ര ടൺ മത്സ്യ ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (സി) ഉൾനാടൻ മേഖലയിലെ ജലസ്രോതസ്സുകളിൽ നിന്നും മത്സ്യ ഉല്പാദനവുമായി ബന്ധപ്പെട്ടുള്ള പദ്ധതി 'മത്സ്യ സമൃദ്ധി' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം ഉൾനാടൻ മത്സ്യ ഉല്പാദനം മൂന്നു വർഷം കൊണ്ട് നിലവിലുള്ള 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുന്നതിനും 12000 ഹെക്ടർ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ